For Private Circulation Only

October 2019

ആഗമനം

Vol.66 | “ ഉണർന്നിരിപ്പിൻ; വിശ്വാസത്തിൽ നിലനില്പിൻ, പുരുഷത്വം കാണിപ്പിൻ, ശക്തിപ്പെടുവിൻ ”. (1കൊരി.16:13) | No.10

ഉണർവ്വിനുവേണ്ടിയുള്ള ഒരു ആത്മഭാരം

By Dave Butts

വേദഭാഗം: സങ്കീ. 79

ഉണർവ്വിനായി കാത്തിരിക്കുന്നവരുടെമേൽ ഉണർവ്വു വരുന്നു. ഇന്ന് അനേകർ ഉണർവ്വിനെക്കുറിച്ച് സംസാരിക്കുന്നു. അതിൽ ചിലർ അതിന് വേണ്ടി പ്രാർത്ഥിക്കുകപോലും ചെയ്യുന്നു. നമ്മുടെ ജീവിതത്തിൽ ദൈവത്തിന് പ്രവർത്തിപ്പാൻ ഇടം കൊടുത്തിട്ടുണ്ടോ, തുടർച്ചയായി ദൈവത്തോട് പ്രാർത്ഥിക്കുവാനുള്ള ആത്മഭാരം നമ്മുടെ ജീവിതത്തിലുണ്ടോ? ഇന്നത്തെ സഭകളിൽ ദൈവത്തിന്റെ പ്രവൃത്തി ശക്തിയോടെ അയയ്ക്കുന്നത് കാണുവാൻ തക്കവണ്ണം വില കൊടുത്തു പ്രാർത്ഥിക്കുവാൻ ഒരുക്കമാണോ?

ദൈവത്തിന്റെ ഇഷ്ടത്തിനായി പ്രാർത്ഥിക്കുവാൻ ഞാൻ പഠിച്ചിരിക്കുന്നു എന്ന നിലയിൽ ദൈവവചനത്തിന്റെ വ്യാപ്തിക്കായി ഞാൻ പ്രാർത്ഥിക്കുന്നു. ഞാൻ പ്രാർത്ഥിക്കുമ്പോൾ മറ്റേതൊരു കാലത്തെക്കാൾ ഉപരി ദൈവവചനത്തിന്റെ ആവശ്യം വലുതാണ് എന്ന് ഓർത്ത് പ്രാർത്ഥിക്കുന്നു. നാം ദൈവസന്നിധിയിൽ പ്രാർത്ഥിക്കുമ്പോൾ ഉണർവ്വിനുവേണ്ടി പ്രാർത്ഥിക്കുവാനുള്ള ആത്മഭാരം തരേണ്ടതിനായി പ്രാർത്ഥിക്കണം.

79-ാം സങ്കീർത്തനത്തിൽ സങ്കീർത്തനക്കാരൻ പ്രാർത്ഥിക്കുന്ന പ്രാർത്ഥന “എന്നെ സ്വാധീനിക്കുവാൻ ഇടയായി. ഇത് ഉണർവ്വിനുവേണ്ടിയുള്ള ശക്തമായ ഒരു പ്രാർത്ഥനയാണ്. ദൈവജനം ആക്രമിക്കപ്പെടുന്നു എന്നും ദൈവത്തിന്റെ വാഗ്ദത്തങ്ങൾ നിറവേറുന്നില്ല എന്നും ഓർത്തു സങ്കടപ്പെട്ട് തകർന്ന ഹൃദയത്തോടെയുള്ള ഒരു പ്രാർത്ഥന. ഉണർവ്വിനുവേണ്ടിയുള്ള, വേദപുസ്തക കാഴ്ചപ്പാടിലുള്ള ഒരു പ്രാർത്ഥന. ഹൃദയം നുറുങ്ങിയുള്ള ഒരു പ്രാർത്ഥനയുടെ ഒരു രൂപരേഖ ഇവിടെ കാണാം.

(1) ഇപ്പോഴത്തെ അവസ്ഥ വളരെ പരിതാപകരമായതാണ് എന്ന് അംഗീകരിക്കുക. ദൈവജനമായ യിസ്രായേൽ ശത്രുക്കളാൽ ഉപദ്രവിക്കപ്പെട്ട് ഭാരപ്പെടുകയാണ്. പ്രാർത്ഥനയ്ക്കായി അവർ ഒരവസരം കണ്ടെത്തി. “നിന്റെ കരുണാവേഗത്തിൽ ഞങ്ങളെ എതിരേല്ക്കുമാറാകട്ടെ” (വാ. 8). അങ്ങനെ ഒരു ബദ്ധപ്പാടിലേയ്ക്ക് സഭ വരുന്നതുവരെ ഉണർവ്വിനുവേണ്ടിയുള്ള ഒരു ആത്മഭാരം ഉണ്ടാകയില്ല.

(2) ദൈവമഹത്വത്തിന് ഇടം കൊടുക്കേണം. ജനത്തിന്റെ അവസ്ഥകളെ നോക്കി ജാതികൾ ദൈവത്തെ ദുഷിക്കുകയാണ്. “അവരുടെ ദൈവം എവിടെ”? (വാ. 10) ഇങ്ങനെ ഒരു അവസ്ഥയുണ്ടാകുമ്പോൾ ദൈവജനം കണ്ണീരോടെ ദൈവത്തോട് പ്രാർത്ഥിക്കണം. യഥാർത്ഥമായ ഒരു അർത്ഥത്തിൽ ചിന്തിച്ചാൽ ലോകം ചിന്തിച്ച് പറയുന്നത് എവിടെയാണ് നിന്റെ ദൈവം?

(3) ദൈവമഹത്വത്തിനുവേണ്ടിയുള്ള വാഞ്ഛയും ഇന്നത്തെ അവസ്ഥയും ഒരു പരാതിയിലേക്കാണ് നടത്തുന്നത്. ഈ സമയം യിസ്രായേൽ കരുണയ്ക്കും, വിടുതലിനും, പാപക്ഷമയ്ക്കുമായി പ്രാർത്ഥിക്കുകയാണ്. “ ഞങ്ങളുടെ പൂർവ്വന്മാരുടെ അകൃത്യങ്ങളെ ഞങ്ങൾക്ക് കണക്കിടരുതേ, നിന്റെ കരുണ വേഗത്തിൽ ഞങ്ങളെ എതിരേൽക്കുമാറാകട്ടെ; ഞങ്ങൾ ഏറ്റവും എളിമപ്പെട്ടിരിക്കുന്നു. ഞങ്ങളുടെ രക്ഷയായ ദൈവമേ, നിന്റെ നാമമഹത്വത്തിനായി ഞങ്ങളെ സഹായിക്കണമേ; നിന്റെ നാമം നിമിത്തം ഞങ്ങളെ വിടുവിച്ച് ഞങ്ങളുടെ പാപങ്ങളെ പരിഹരിക്കേണമേ” (സങ്കീ. 79:8-9). ഇത് ദൈവജനത്തിന്റെ ഉദ്ധാരണത്തിനുവേണ്ടി പ്രാർത്ഥിക്കുന്ന ഒരു ദൈവഭക്തന്റെ പ്രാർത്ഥനയാണ്.

(4) പ്രാർത്ഥനയിൽ ഒരുപടി കൂടെ മുന്നോട്ടു പോകുന്നു, പിന്നീട് സങ്കീർത്തനക്കാരൻ ഒരു പ്രത്യേക സാഹചര്യത്തിനുവേണ്ടി പ്രാർത്ഥിക്കുന്നു. (വാ. 10-12). യഥാർത്ഥത്തിൽ സങ്കീർത്തനക്കാരൻ പറയുന്നത്, ദൈവമേ ശത്രുവിന്റെ കുറ്റോപണങ്ങൾക്കു മറുപടി നൽകേണമേ. നിന്റെ ജനത്തിന്റെ കഷ്ടതയിൽ അവരുടെ ദൈവത്തെ ദുഷിച്ചുകൊണ്ട് പ്രവർത്തിക്കുന്ന അവരുടെ പ്രവർത്തിക്ക് മറുപടി കൊടുക്കേണമേ എന്നാണ്.

(5) ഇങ്ങനെയുള്ള പ്രാർത്ഥനയുടെ പരിണതഫലം ആരാധനയും സ്തുതിയും ആണ്. എന്നാൽ നിന്റെ ജനവും നിന്റെ മേച്ചൽപുറത്തെ ആളുകളുമായ ഞങ്ങൾ എന്നേയ്ക്കും നിനക്ക് സ്തോത്രം ചെയ്യും. തലമുറതലമുറയോളം ഞങ്ങൾ നിന്റെ സ്തുതിയെ പ്രസ്താവിക്കും (വാ. 13). ഇത് സാധാരണ ദൈവപ്രവർത്തിയുടെ പരിണതഫലമാണ്. ശക്തമായ ഉണർവ്വ് പൊട്ടിപ്പുറപെടും മുമ്പ് ദൈവജനത്തിന്റെ ശക്തമായ ആരാധന അഗ്നിപർവ്വതം പൊട്ടുംപോലെ പൊട്ടിപ്പുറപെടാറുണ്ട്. അതോടു ചേർന്ന് അതിനെ അടുത്ത തലമുറകളിലേയ്ക്ക് പകർന്നു കൊടുക്കുവാനുള്ള ഒരു വ്യഗ്രതയും കാണാൻ കഴിയും.

അങ്ങനെയുള്ളൊരു പ്രാർത്ഥന ഉണർവ്വിന് ഉറപ്പാണ് എന്ന് പറയുക സാദ്ധ്യമല്ല. എന്നാൽ ഇത് മനുഷ്യഹൃദയങ്ങളെ ദൈവത്തിന്റെ ഒരു പുത്തൻ പ്രവൃത്തിക്കുവേണ്ടതായ സാഹചര്യം ഒരുക്കുന്നു. ഉണർവ്വിനുവേണ്ടിയുള്ള ദാഹത്തോടെയുള്ള പ്രാർത്ഥന ദൈവജനത്തന്റെയിടയിൽ ഉണർവ്വിനുവേണ്ടിയുള്ള ഒരു ആത്മ ഭാരം ഉളവാക്കുന്നു. അങ്ങനെ ഒരുക്കപ്പെട്ട ഒരു സാഹചര്യത്തിലേയ്ക്ക് സ്വർഗ്ഗത്തിൽ നിന്നും ദൈവം ഉണർവിന്റെ മഴ പെയ്യിച്ചുകൊടുക്കുന്നു.

(ശേഷം 7-ാംപേജിൽ)

ഹെറോൾഡ് വയൽക്കൽ : കൊറിയയിലെ മുള്ളുകൾക്ക് പുറകിൽ

By Jack Voelkel

1950 ജൂണിൽ വടക്കൻ കൊറിയയിലെ പട്ടാളം തെക്കൻ കൊറിയയെ ആക്രമിച്ചു. മറ്റനേകം വിദേശമിഷനറിമാരോടൊപ്പം എന്റെ കുടുംബവും ഓരോരുത്തരും ഒരു സൂട്ട് കേസിൽ കൊള്ളാവുന്ന സാധനങ്ങൾ മാത്രം എടുത്തുകൊണ്ട് ജപ്പാനിലേക്ക് ഓടിപ്പോയി. രണ്ട് ആഴ്ചകൾക്കു ശേഷം എന്റെ പിതാവ്, ഹെറോൾഡ് വയൽക്കൽ ഞങ്ങൾ അഞ്ചു പേരുമായി കുടുംബപ്രാർത്ഥനയ്ക്കായി ഒരുമിച്ചുകൂടി, അത് അദ്ദേഹത്തിന്റെ മുടങ്ങാത്ത പതിവായിരുന്നു, ഒരു പ്രാർത്ഥനാ വിഷയം അദ്ദേഹം പറഞ്ഞു. ഞാൻ ഇന്നും വളരെ നന്നായി അത് ഓർക്കുന്നു.

പ്രിയകുടുബാംഗങ്ങളേ, നാം ഇപ്പോൾ ജപ്പാനിലാണ് ആയിരിക്കുന്നത്: എത്രനാൾ കൊറിയയിൽ യുദ്ധം തുടരും എന്ന് നമുക്കറിയില്ല. അമേരിക്കയിലേയ്ക്ക് മടങ്ങിപോകണമോ? ജപ്പാനിൽ തന്നെ പാർക്കണമോ? നമുക്കറിയില്ല; എന്നാൽ കർത്താവ് അറിയുന്നു. നാം എന്താണ് ചെയ്യേണ്ടത് എന്ന് കർത്താവ് സംസാരിക്കേണ്ടതിനായി പ്രാർത്ഥിക്കാം.

ഒരാഴ്ചയ്ക്കു ശേഷം എന്റെ പിതാവിന് അമേരിക്കൻ പട്ടാളത്തിൽ നിന്നും ഒരു ക്ഷണം വന്നു. കൊറിയയിലേയ്ക്ക് മടങ്ങി ചെല്ലുവാനും അവിടെ തെക്കൻ കൊറിയക്കാരുടെയിടയിൽ ഒരു ചാപ്ലയിൻ ആയിരിക്കാനുമായിട്ടായിരുന്നു. ആ സമയം തെക്കൻ കൊറിയ അമേരിക്കൻ ആധിപത്യത്തിൻ കീഴിലായിരുന്നു. അദ്ദേഹത്തിന് കുടിയേറ്റക്കാരന്റെ പദവി കിട്ടി. അമേരിക്കയുടെ പട്ടാളക്കാരുടെ സംരക്ഷണയിൽ ഞങ്ങൾക്ക് താമസിക്കാനുള്ള അവസരം കിട്ടി. ഞങ്ങളുടെ പഠനവും താമസവും അമേരിക്കൻ മിലിട്ടറിയുടെ സംരക്ഷണത്തിലായിത്തീർന്നു. ആ സമയം എന്റെ സഹോദരി അമേരിക്കയിൽ ഒരു കോളജിൽ പഠിക്കുകയായിരുന്നു.

സെപ്റ്റംബറിൽ എന്റെ പിതാവ് കൊറിയയിലേയ്ക്ക് മടങ്ങി വന്നു. ചില മാസങ്ങൾക്കുള്ളിൽ ജനറൽ ഡഗ്ലസ്മക്കാർത്തർ വടക്കൻ കൊറിയ പട്ടാളത്തെ പരാജയപ്പെടുത്തി 150000 പേരെ യുദ്ധത്തടവുകാരാക്കി. അവരെ 10 ഗ്രൂപ്പുകളാക്കി, പെനിൻസുലയുടെ തെക്കു ഭാഗത്തുള്ള കൊജേദീപിൽ പാർപ്പിച്ചു.

പ്രിൻസ്റ്റൻ സെമിനാരിയിൽ നിന്നും വേദപഠനവും പ്രിസ്റ്റൻ യൂണിവേഴിസിറ്റിയിൽ നിന്നും ഫിലോസഫിയിൽ മാസ്റ്റർ ഡിഗ്രിയും എടുത്തിരുന്നു എങ്കിലും എന്റെ പിതാവിന്റെ ആത്മഭാരം സുവിശേഷ വേലയിലേക്ക് നടത്തി. സെമിനാരിയിൽ പോകുന്നതിനു മുമ്പ് മൂഡി ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിലുള്ള അദ്ദേഹത്തിന്റെ പഠന

(ശേഷം 6-ാം പേജിൽ)

കർത്താവിൽ പ്രിയരേ,

യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹ വനന്ദനം.

“ സീയോനേ, ഉണരുക, ഉണരുക, നിന്റെ ബലം ധരിച്ചുകൊൾക; വിശുദ്ധ നഗരമായ യെരുശലേമേ, നിന്റെ അലങ്കാര വസ്ത്രം ധരിച്ചുകൊൾക ഇനിമേലാൽ അഗ്രചർമ്മിയും അശുദ്ധനും നിന്നിലേക്കു വരികയില്ല. പൊടി കുടഞ്ഞുകളക. യെരുശലേമേ, എഴുന്നേറ്റ് ഇരിക്ക; ബദ്ധയായ സീയോൻ പത്രി, നിന്റെ കഴുത്തിലെ ബന്ധനങ്ങളെ അഴിച്ചുകളക ” (യെശ. 52:1,2) .

2019 -ാം വർഷത്തിന്റെ സെപ്റ്റംബർ മാസം നമ്മെ വിട്ട് കടന്നു പോയി. ഒക്ടോബർ മാസത്തിലേക്ക് നാം കടന്നു വന്നിരിക്കുന്നു.

സ്നേഹത്തിന്റെ ഉറവിടം ദൈവമാണ്. ദൈവം തന്റെ മക്കളെ സ്നേഹിക്കുന്നു. ഒരു മനുഷ്യൻ സകലത്തേക്കാളും സകലരേക്കാളും യേശുവിനെ സ്നേഹിക്കേണ്ടതാണ്. എന്നെക്കാൾ അധികം അപ്പനെയോ അമ്മയെയോ പ്രിയപ്പെടുന്നവൻ എനിക്കു യോഗ്യനല്ല. എന്നെക്കാൾ അധികം മകനെയോ മകളെയോ പ്രിയപ്പെടുന്നവർ എനിക്കു യോഗ്യനല്ല. തന്റെ ക്രൂശ് എടുത്തു എന്നെ അനുഗമിക്കാത്തവനും എനിക്കു യോഗ്യനല്ല.

നാം എവിടെ ആയിരുന്നാലും എന്തു ചെയ്യുകയായിരുന്നാലും ദിവസം മുഴുവൻ യേശുവുമായുള്ള സ്നേഹത്തിൽ കഴിയുക. നാം യേശുവിനെ സ്നേഹിക്കുക മാത്രമല്ല സ്നേഹത്തിന്റെ ആഴത്തിലേക്ക് കടന്നു ചെല്ലണമെന്ന് ദൈവം ആഗ്രഹിക്കുന്നു. നമ്മുടെ ദൈവം വിശ്വസ്തനാണ്. ദൈവത്തിലുള്ള നിങ്ങളുടെ ആശ്രയം അതായിരിക്കട്ടെ.

മാസികയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് ചുവടെ ചേർക്കുന്നു. ബിന്ദു.എം ആഗമനദൂതൻ **IFSC code SBIN 0070028 A/c. No. 67342839891** സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്ന പേരിൽ മാസിക നടത്തിപ്പിനായുള്ള സംഭാവന ഡ്രാഫ്റ്റ്/ചെക്ക് എന്നിവ രജിസ്റ്റേഡായി അയക്കുക. അഡ്രസ് മാറ്റം ഉടനെ അറിയിക്കുക.

എല്ലാ മാസികാ മിത്രങ്ങളും ശരീരത്തിലും മനസ്സിലും ആത്മാവിലും ശുഭമായും സുഖമായും പുലരേണ്ടതിനായി പ്രാർത്ഥിക്കുന്നു.

മാസികയെക്കുറിച്ചുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കത്തുകൾ മുഖേനയോ ഇ-മെയിൽ വഴി അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

എന്ന് ക്രിസ്തുവിൽ എളിയ സഹോദരി,
ബിന്ദു.എം

ആഗമനദൂതൻ

ബിന്ദു.എം
എഡിറ്റർ
Mob:**8589901702**

അഡ്വ.നോബിൾ
അസോസിയേറ്റ് എഡിറ്റർ
Mob: **9446590913, 9809882926**

കരിത്തിലവിളാകം, ബിൻസി ഭവൻ, ആറാമട പി. ഒ.,
തിരുവനന്തപുരം - 695032
Mob:8589901702
E-mail:bindhum1971@yahoo.in

മാസിക ആവശ്യമുള്ളവർ ബന്ധപ്പെടുക

മാസികാപ്രവർത്തനത്തിനായി പ്രാർത്ഥിപ്പിൻ !

എല്ലായിടത്തും പ്രാർത്ഥനയ്ക്കായി വിശുദ്ധന്മാരെ ഒരുക്കുക

By Sarah Foulkes Moore

ലോകവും സഭയും ഇന്ന് പ്രതിസന്ധിഘട്ടത്തിലാണ്. ആത്മീകമായി ഒരു പോരാട്ടത്തിന്റെ കാലഘട്ടം. ഇരുട്ടിന്റെ ശക്തികൾ അവരുടെ പ്രവൃത്തി ശക്തിപ്പെടുത്തുന്നു. ദൈവസഭയ്ക്കു പോരാടുവാൻ ഒരു ആയുധമുണ്ട്. അവർ മുട്ടിൻമേൽ നില്ക്കും എങ്കിൽ വിജയിക്കും. രാജ്യത്തിന്റെ ഓരോ സഭയിലും വീട്ടിലും സമൂഹത്തിലും പ്രാർത്ഥന വീരന്മാരെ ആവശ്യം. അരാജകത്വം, അധാർമികത, അവിശ്വാസം, രാഷ്ട്രീയ കുറ്റ കൃത്യങ്ങൾ എന്നിവയുടെ ആഴങ്ങളിൽ നിന്നും രാജ്യത്തെ രക്ഷിക്കുവാൻ, ഇടിവിൽ നിന്ന് പ്രാർത്ഥിക്കുവാൻ വിശ്വാസവും തീക്ഷ്ണതയുമുള്ള സ്ത്രീ പുരുഷന്മാരെ ദൈവത്തിനാവശ്യമുണ്ട്.

“.....ഞാൻ ദേശത്തെ നശിപ്പിക്കാതെവണ്ണം അതിന് മതിൽകെട്ടി എന്റെ മുമ്പാകെ ഇടിവിൽ നില് ക്കേണ്ടതിന് ഒരു പുരുഷനെ ഞാൻ അവരുടെയിടയിൽ അന്വേഷിച്ചു. കണ്ടില്ലതാനും” (യെഹെ. 22:30). ഇതാണ് യിസ്രായേലിലെ അവസ്ഥ. രാജ്യത്തിന് വേണ്ടി ഇടിവിൽ നില്ക്കുവാൻ ആരെയും കണ്ടില്ല, അതും നശിച്ചു പോയി. എന്നാൽ ഈ കാലഘട്ടത്തിൽ വാഴ്ചകളോടും അധികാരങ്ങളോടും സ്വർ ലോകങ്ങളിലെ ദുഷ്ടാത്മ സേനകളോടും തുടർച്ചയായിപോരാടി ഇടിവിൽ നിൽക്കുവാൻ മനസ്സുള്ളവരെ, ഈ പ്രതിസന്ധിഘട്ടത്തിൽ സഭയ്ക്ക് സമൂഹത്തിന് കൊടുപ്പാൻ കഴിയുമോ?

അമേരിക്കയുടെ ചരിത്രത്തിലേക്ക് തിരിഞ്ഞുനോക്കുമ്പോൾ അത്യാപത്തു ഘട്ടങ്ങളിൽ ദൈവം നേരിട്ട് ഇടപെട്ടു എന്നു പറയാവുന്ന സന്ദർഭങ്ങളുണ്ട്. പുതിയ കൃപ പകർന്ന് എഴുന്നേല്പിക്കുവാൻ ചില ഭക്തന്മാരെ ദൈവം കണ്ടു. രാജ്യങ്ങളിലുടനീളം ദൈവം അങ്ങനെ തന്റെ മുമ്പിൽ ഇടിവിൽ നില്ക്കേണ്ടതിന് ആളുകളെ എഴുന്നേല്പിച്ചിട്ടുണ്ട്. ആ പ്രതിസന്ധി ഘട്ടങ്ങളിൽ ദൈവത്താൽ നിയോഗിക്കപ്പെട്ടിട്ട് അവർ ദേശത്തിന്റെ വിടുതലിന് കാരണമായിട്ടുണ്ട്.

ഏതൊരു സഭയുടെയും സമൂഹത്തിന്റെയും ഭവനങ്ങളുടെയും ആവശ്യം എന്നത്, ആളുകളെ ദൈവത്തിങ്കലേയ്ക്ക് തിരിക്കുവാൻ തക്കവണ്ണം ഒരുക്കുവാൻ പ്രാർത്ഥനാ വീരന്മാർ വേണം എന്നതാണ്. അവർ ദേശത്തോട് ദൈവവചനം പറയണം. അവരെ ബോധ്യപ്പെടുത്തണം. ദേശം ഉണരണം. ആളുകൾ പ്രാർത്ഥനയിലേക്ക് മടങ്ങി വരണം.

യഥാർത്ഥ പ്രാർത്ഥന ഒരു പോരാട്ടമാണ്.

യഥാർത്ഥ പ്രാർത്ഥനയെന്നത്, സമയവും, മനസും, ഹൃദയവും ഒരുപോലെ ഇടവിട്ടുള്ള ഒരു ധ്യാനമാണ്. അത് ശരീരം ഇഷ്ടപ്പെടുന്നില്ല. ആ പ്രാർത്ഥനയിൽ ശക്തിപ്പെട്ട് ഈ കാലഘട്ടത്തിൽ സന്തോഷത്തോടെ ആത്മഭാരത്തോടെ വേല ചെയ്യണം. അത് വളരെ പ്രയാസമാണ്. സീയോൻ മക്കൾ ശമര്യാ പർവ്വതത്തിൽ സ്വൈരികളായിരിപ്പാനാണ് ആഗ്രഹിക്കുന്നത്. അങ്ങനെയുള്ളവർക്കു അയ്യോ കഷ്ടം എന്നാണ് ആമോസ് വിളിച്ചു പറയുന്നത്. (ആമോ. 6:1).

ഈ പ്രതിസന്ധിയിൽ, ഈ അന്ത്യകാലത്ത് വിജയകരമായി നില്പാൻ ദൈവ കൃപ നൽകട്ടെ! ആവശ്യങ്ങളെ മനസിലാക്കുവാൻ ദൈവം കൃപ നൽകട്ടെ. ആവശ്യങ്ങൾ നിറവേറ്റുവാൻ കർത്താവ് വഴി തുറക്കട്ടെ. ഏറ്റവും പ്രധാന ആവശ്യം സ്ത്രീ പുരുഷന്മാർ കാലഘട്ടത്തിന്റെ ആവശ്യം മനസ്സിലാക്കി തങ്ങളുടെ ഹൃദയങ്ങളെ ദൈവമുമ്പാകെ സ്ഥിരമാക്കി രാജ്യത്തിനു വേണ്ടി ഇടിവിൽ നില്ക്കണം എന്നതാണ്. “യഹോവയുടെ ശുശ്രൂഷകന്മാരായ പുരോഹിതന്മാർ പൂമുഖത്തിന്റെയും യാഗപീഠത്തിന്റെയും മദ്ധ്യേ കരഞ്ഞും കൊണ്ട് യഹോവേ, നിന്റെ ജനത്തോട് ക്ഷമിക്കേണമേ; ജാതികൾ അവരുടെ മേൽ വാഴുവാൻ തക്കവണ്ണം നിന്റെ അവകാശത്തെ നിന്ദയ്ക്ക് ഏല്പിക്കരുതേ; അവരുടെ ദൈവം എവിടെയെന്ന് ജാതികളുടെയിടയിൽ പറയുന്നതെന്തിന്? എന്നിങ്ങനെ പറയട്ടെ” (യോവേ. 2:17).

പ്രതിസന്ധികളിൽ നിന്നും ദേശത്തെ രക്ഷിക്കുവാൻ നമുക്കു ചെയ്യാൻ കഴിയുന്ന ഏറ്റവും വലിയ കാര്യം പ്രാർത്ഥിക്കുക എന്നുള്ളതാ

(ശേഷം 8-ാംപേജിൽ)

രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണം

അംഗീകരിക്കുക	*ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു (റോ.3:23)*
പശ്ചാത്തപിക്കുക	*അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചു പോകും (ലൂക്കൊ. 13;3)*
ഏറ്റുപറയുക	*നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ യേശു നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു (1യോഹ. 1:9)*
ഉപേക്ഷിക്കുക	*ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ച് യഹോവയിങ്കലേക്ക് തിരിയട്ടെ. അവൻ അവനോട് കരുണ കാണിക്കും. നമ്മുടെ ദൈവത്തിങ്കലേക്ക് തിരിയട്ടെ. അവൻ ധാരാളം ക്ഷമിക്കും.*
ശുദ്ധീകരിപ്പെടുക	*അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപം പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1യോഹ. 1:7).*
വിശ്വസിക്കുക	*തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. (യോഹന്നാൻ 3:16)*
സമർപ്പിക്കുക	*ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലക്ക് വാങ്ങിയിരിക്കുകയാൽ നിങ്ങൾ താന്തങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ. (1കൊരി.6:19,20)*
പ്രാപിച്ചെടുക്കുക	*യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കുകയും വായ്കൊണ്ട് രക്ഷയ്ക്കായി ഏറ്റു പറയുകയും ചെയ്യണം (റോമ.10:9,10)*

സത്യത്തിന്റെ വചനം

By Arthur W.Pink

വേദപുസ്തകത്തിൽ നല്കപ്പെട്ടിട്ടുള്ള ധാരാളം പേരുകളിൽ ഒന്നാണ് “സത്യവചനം”. (2തിമൊ. 2:15). അങ്ങനെ ആയിരിക്കുന്നതിന്റെ കാരണം അത് സത്യദൈവത്തിന്റെ ഇടപെടലുകൾ ആയിരിക്കുന്നതുകൊണ്ടാണ് (യെശ. 65:16). അത് ദൈവത്തിന്റെ വെളിപ്പെടാണ്. അതിന് കള്ളം പറയുവാൻ സാദ്ധ്യമല്ല (തീത്തോ. 1:20. അതിനെ അവകാശമാക്കുക എന്നത് എത്ര അനുഗ്രഹം! വായിക്കുവാനായി ബൈബിൾ കയ്യിലെടുക്കുമ്പോൾ, വ്യക്തമായും നന്ദിയോടെയും ഓർക്കുവാൻ കഴയുന്ന ഒരു ദൂത് അതിലില്ലേ, അത് ഭാഷകളിലേയ്ക്ക് കൈമാറ്റം ചെയ്തു നിങ്ങളുടെ ഭാഷയിലും കിട്ടിയിട്ടില്ലേ? എത്ര സൗജന്യമായ ഉറവ! സത്യത്തിന്റെ വചനം തെറ്റുകൾ അതിലില്ല, വെറും കഥകളല്ല നമ്മെ വഞ്ചിക്കുകയോ വഴി തെറ്റിക്കുകയോ ചെയ്യുന്ന ഒന്നും അതിലില്ല, എന്നാൽ തെറ്റില്ലാത്തതും ആത്യന്തികമായി ആശ്രയിപ്പാൻ കൊള്ളാകുന്നതുമാണ്.

സത്യത്തിന്റെ വചനം എത്ര സൗജന്യമായ ഉറവയാണത്. ഇത് സഭയുടെ ഉല്പന്നമല്ല, ദൂതന്മാരുടെ സംഭാവനയുമല്ല, എന്നാൽ ഇത് ദൈവത്തിന്റെ വചനം മാത്രമാണ്. ഇത്. “ ഇരുണ്ട സ്ഥലത്ത് പ്രകാശിക്കുന്ന വിളക്കാണ് ” (2പത്രൊ. 1:19). പാപം നിറഞ്ഞ ഈ മരുഭൂമിയിലൂടെ സഞ്ചരിക്കുന്ന ഒരു തീർത്ഥാടകന് ജീവൻ നൽകുന്ന ഉറവയാണ്. ഇത്, ജ്ഞാനം എന്ന് വ്യാജമായി പേർ പറയുന്നതിന്റെ (1തിമൊ.6:20) എതിരായ സത്യവചനമാണ്. തത്വജ്ഞാനവും വഞ്ചനയും (കൊലൊ. 2:8) അല്ല ഇത്.

അനേക വിശ്വാസങ്ങളുള്ള ഒരു ലോകത്തിലാണ് നാം ജീവിക്കുന്നത്, അതിശയോക്തിയായി വർണ്ണിക്കുന്ന, അവ്യക്തമായി സംസാരിക്കുന്ന കെട്ടുകഥകളാലും തെറ്റായും സംസാരിക്കുന്ന ലോകത്തിൽ എത്ര വിലമതിക്കാൻ കഴിയാത്ത വചനമാണ്. കർത്താവ് ഇങ്ങനെ അരുളി ചെയ്യുന്നു. ഈ സത്യവചനത്തെക്കുറിച്ച് നാം ഇങ്ങനെ പറയും. “ അവ പൊന്നിലും വളരെ തങ്കത്തിലും ആഗ്രഹിക്കത്തക്കവ; തേനിലും തേങ്കട്ടയിലും മധുരമുള്ളവ ” (സങ്കീ. 19:10). ധാരാളം അഭിപ്രായ വ്യത്യാസങ്ങളുള്ള ലോകത്തിൽ, ഊഹാഭോഗങ്ങളും അനിചിതത്വങ്ങളുമുള്ള ലോകത്തിൽ സത്യവചനം നമുക്കു ലഭിച്ചില്ലായിരുന്നു എങ്കിലും ഉള്ള അവസ്ഥ എങ്ങനെയായിരിക്കും? ജീവിത സാഗരത്തിൽ പങ്കായമില്ലാതെ യാത്ര ചെയ്യുന്നവരായിരിക്കുമായിരുന്നു നാം. നമ്മുടെ സൃഷ്ടിയെക്കുറിച്ച്, നമ്മുടെ ദൗത്യത്തെക്കുറിച്ച് നമ്മുടെ പദവിയെക്കുറിച്ച് നാം അറിവില്ലാത്തവായിരിക്കുമായിരുന്നു.

എത്ര അനുഗ്രഹമാണിത്. എല്ലാ സംശയങ്ങളും ദിവ്യാധികാരത്തിൽ തന്നെ ദൂരീകരിക്കപ്പെടുന്നു, സത്യവചനമായ വിശുദ്ധ തിരുവെഴുത്തുകളാൽ നാം ഉറപ്പും ധൈര്യവുമുള്ളവരായിത്തീരുന്നു! ഏറ്റവും പ്രധാനപ്പെട്ട കാര്യങ്ങളിൽ ഒന്ന്, നമ്മുടെ രക്ഷിതാവായ ദൈവത്തിന്റെ കല്പനപ്രകാരം എന്നെ ഭരമേല്പിച്ച പ്രസംഗത്താൽ തക്കസമയത്ത് തന്റെ വചനം വെളിപ്പെടുത്തിയ ഭോഷ്ക്കില്ലാത്ത ദൈവം (തീത്തൊ. 1:1). ഇവിടെ ആഴമായ ഉറപ്പ്, അചഞ്ചലമായ ധൈര്യം നൽകുന്ന വചനമായ ബൈബിൾ, ഇത് ദൈവത്തിന്റെ വെളിപ്പാടാണ്. മനുഷ്യന്റെ വാദങ്ങളോ സാത്താന്റെ പെട്ടെന്നുള്ള ആക്രമങ്ങൾക്കോ ചലിപ്പിക്കുവാൻ കഴിയാതെ ഉറപ്പുള്ളതാണ് അതിന്റെ സംരക്ഷണം. ഒരു വിശ്വാസി, തന്റെ ഹൃദയത്തിൽ നൽകപ്പെട്ട ദൈവവചനത്താൽ ഉറപ്പിക്കപ്പെട്ടിരിക്കുന്നതിനാൽ ആർക്കും അഥവാ ഒന്നിനും അവനെ കുലുക്കുവാൻ സാധ്യമല്ല. കാരണം അവന്റെ വിശ്വാസം അടിസ്ഥാനപ്പെട്ടിരിക്കുന്നത് മനുഷ്യന്റെ ബുദ്ധിക്കോ സാത്താന്റെ തന്ത്രങ്ങൾക്കോ അതിനെ ചലിപ്പിക്കുവാൻ സാദ്ധ്യമല്ല. ദൈവവചനവും അടങ്ങിയ സാരസംഗതികളെ ഞാൻ നിനക്ക് എഴുതീട്ടുണ്ടല്ലോ (സദൃ. 22:21). അവൻ വീണ്ടും ധൈര്യപ്പെടുന്ന വചനം ഇങ്ങനെ പറയുന്നു, “ ഞാൻ നിന്റെ വചനങ്ങളെ കണ്ടെത്തി ഭക്ഷിച്ചിരിക്കുന്നു; നിന്റെ വചനങ്ങൾ എനിക്ക് സന്തോഷവും എന്റെ ഹൃദയത്തിന് ആനന്ദവും ആയി ” (യിരെ. 15:16).

എത്ര പറഞ്ഞറിയിക്കുവാൻ പറ്റാത്ത കരുണയാണ് സത്യത്തിന്റെ വചനം നമുക്ക് ലഭിക്കുമ്പോൾ ഉണ്ടാകുക! ലോകത്തിൽ എഴുത്തുകാരനും വായിക്കുന്നവനും ഭോഷ്ക്കുകാരാണ്. “ദുഷ്ടന്മാർ ഗർഭം മുതൽ ഭൃഷ്ടന്മാരായിരിക്കുന്നു. അവർ ജനനം മുതൽ ഭോഷ്ക്ക് പറഞ്ഞ് തെറ്റി നടക്കുന്നു” (സങ്കീ. 58:3). ഒരു കുഞ്ഞിനെയും കള്ളം പറയാൻ പഠിപ്പിക്കുന്നില്ല. അത് സ്വാഭാവികമായി തന്നിലേയ്ക്ക് വരുന്നു; അത് തെറ്റിപ്പോകുവാൻ തക്കവണ്ണം മറ്റുള്ളവരുടെ സംസർഗ്ഗം അതിനു കാരണമാകുന്നില്ല. അവൻ പാപത്തിൽ തന്നെ ജനിച്ചിരിക്കുന്നു. ഇത് സാധാരണ സംഭവമാണ്. നമ്മുടെ ആദ്യമാതാപിതാക്കന്മാർ ദൈവത്തിന്റെ സത്യത്തിന് പകരം പിശാചിന്റെ വാക്കുകളെ മുകവിലയ്ക്കെടുത്തു. അവരുടെ പരമ്പരകൾ മുഴുൻ ആ അപകടകാരിയായ വൈറസിന് അടിമകളായിത്തീർന്നു. പരിണതഫലം എന്ന നിലയിൽ “സർവ്വലോകവും ദുഷ്ടന്റെ അധീനതയിൽ ആയി ”. (1യോഹ. 5:19). അവൻ ഭോഷ്ക്കു പറയുന്നവനും അതിന്റെ അപ്പനും ആകുന്നു (യോഹ. 8:44). അങ്ങനെ പ്രകൃതിയാൽ സത്യത്തിന് യാതൊരു അംഗീകാരവുമില്ല, പകരം എതിർപ്പും പ്രതികൂലവുമാണ് അതിനെതിരെയുള്ളത്. വീണ്ടും ജനനമില്ലാത്തവൻ സത്യം അറിയുവാൻ ഇഷ്ടപ്പെടുന്നില്ല. സന്തോഷങ്ങളിലും ഈ ലോകത്തിന്റെ ഉല്ലാസങ്ങളിലുമാണ് അവർ ഇഷ്ടപ്പെടുന്നത്. എന്നാൽ കർത്താവ് പറയുന്നത്, ഞാനോ സത്യം പറയുന്നതുകൊണ്ട് നിങ്ങൾ എന്നെ വിശ്വസിക്കുന്നില്ല (യോഹ. 8) അവരെ സന്തോഷിപ്പിക്കുന്ന കള്ളം പറഞ്ഞിരുന്നു എങ്കിൽ നല്ല സ്വാഗതം ലഭിക്കുമായിരുന്നു. ലോകം ദുഷ്ടനായവനാൽ കള്ളം പറയുന്നു, അവൻ കള്ളനും അവരുടെ അപ്പനുമാണ്. അവന്റെ വഞ്ചനയിലും തടസ്സങ്ങളിലും നാം അതിശയിച്ചു പോകരുത്, ദൈവത്തിന്റെ സത്യം വളരെയധികം വെറുക്കപ്പെട്ടിരിക്കുന്നു. കാരണം അങ്ങനെ ന്യായം പിന്മാറി നീതി അകന്നു നില്ക്കുന്നു; സത്യം വീഥിയിൽ ഇടറുന്നു. നേരിന് കടപ്പാൻ കഴിയുന്നതുമില്ല; സത്യം കാണാതെയായി (യെശ. 59:14). എല്ലാ നിലയിലും സത്യം നിഷേധിക്കപ്പെട്ടിരിക്കുന്നു.

നമുക്ക് വിശ്വസ്തതയോടെ പറയാൻ കഴിയുന്നതെത്ര ഭാഗ്യം. വിശ്വസ്തതയുടെ മാർഗ്ഗം ഞാൻ തെരഞ്ഞെടുത്തിരിക്കുന്നു.

(ശേഷം 5-ാം പേജിൽ)

മദ്ധ്യസ്ഥ പ്രാർത്ഥന ന്യായവിധിയെ ഒഴിവാക്കുന്നു.

By Alwhittinghill

ഈ ദിവസങ്ങളിൽ ദൈവം സകലത്തെയും ഇളക്കുന്നു. എല്ലാറ്റിന്റെയും ഉള്ളിലുള്ളത് പുറത്തുകൊണ്ടുവരുന്നു സകലത്തെയും ശോധന ചെയ്യുന്നു. കർത്താവു പറയുന്നത് യഹോവയായ ഞാൻ മാറാത്തവൻ.... (മലാ. 3:6). ആളുകൾ മാറ്റമില്ലാത്തതായ ദൈവചനത്തിൽ നിന്നുള്ള മറുപടിയ്ക്കായി കാത്തിരിക്കുന്നു. ഇന്നത്തെ ആനുകാലിക സംഭവങ്ങളൊക്കെയും വിളിച്ചിരിക്കുന്ന ദൂത് എന്നത്, ... " ഇത് അവനെ അന്വേഷിപ്പാനുള്ള കാലം ആകുന്നുവല്ലോ (ഹോശെ. 10:12). യഥാർത്ഥത്തിൽ, ഇത് ഒരു അന്ത്യകാലം ആണ്. ദൈവത്തിന്റെ ന്യായവിധിക്ക് പാകത്തിനാണ് ലോകം വന്നെത്തിയിരിക്കുന്നത്. അതിനെ നിഷേധിക്കുന്ന മടയൻ ആണ്. എന്നാൽ ആളുകളോടു പറയാൻ തക്കവണ്ണം ദൈവത്തോട് ദൂതിനായി കരയുന്ന ശബ്ദങ്ങൾ എവിടെ?

എന്നാൽ അതിനെല്ലാം കാറ്റിൽ പറത്തി, ലോകം നാശത്തിന്റെ വഴിയിലത്രേ. എല്ലാ വശത്തു നിന്നും അപകട സൂചന മുഴങ്ങുന്ന, ആത്മീയ രോഗബാധയെ സംബന്ധിച്ച ദൈവത്തിന്റെ അതൃപ്തി ദിനംതോറും മാദ്ധ്യമങ്ങളിലൂടെ കേട്ടുകൊണ്ടിരിക്കുന്നു. ഓരോരുത്തനും അതിനെ വിലയിരുത്തുവാനും അപകടത്തെക്കുറിച്ചു മനസിലാക്കുവാനും കഴിയും. മനുഷ്യൻ പരിഹാരമാർഗ്ഗങ്ങൾ അന്വേഷിക്കുന്നു എങ്കിലും വേദപുസ്തകം പറയുന്നു, ... "മനുഷ്യന്റെ സഹായം വ്യർത്ഥമല്ലോ " (സങ്കീ. 108:12). പാപത്താൽ വന്ന യാതൊരു വ്യണവും ദൈവത്താലല്ലാതെ സൗഖ്യം പ്രാപിക്കുകയില്ല. നമ്മുടെ ആകയുള്ള പ്രത്യാശ കർത്താവിന്റെ നാമത്തിലാണ് ആ ദൈവം താൻ ആയിരിക്കുന്ന മഹത്വത്തെകുറിച്ച് ദൈവസഭ കണ്ടുപിടിക്കണം എന്നിട്ട് പ്രാർത്ഥനയോടും വിനയത്തോട് ദൈവത്തിങ്കലേയ്ക്ക് തിരിയണം. നമുക്ക് ഉണർവ്വ് ആവശ്യമണ്. ദൈവത്തിന്റെ കരുണ യഥാർത്ഥ മാനസാന്തരത്തെയും അചഞ്ചലമായി വിശ്വാസത്തേയും പിന്തുടരുന്നു. ഇത് നമ്മുടെ സഭകളോടും ദൈവജനത്തോടും വിളിച്ചു പറയുക എന്നത് നമ്മുടെ പദവിയാണ്.

യെശയ്യാ പ്രവാചകന്റെ നാളുകളിൽ ദൈവജനം വളരെ ക്ഷീണിച്ചിരുന്നു, കാരണം അവർ ആധികാരികമായ ആത്മീക സന്തോഷത്തിൽ നിന്നും വളരെ അകലെയായിരുന്നു. ജഡികാഭിലാഷങ്ങളിൽ മുഴുകി, പ്രതിസന്ധികളിലായി, ദൈവാനുഗ്രഹങ്ങൾ നഷ്ടപ്പെട്ടിരുന്നു. അവർ വന്ന് യെശയ്യാവിനോടു ചോദിച്ചു. എന്തുകൊണ്ടാണ് കാര്യങ്ങൾ ഞങ്ങളുടെ ജീവിതത്തിൽ നന്നായി മുന്നോട്ടുപോകാത്തത്. ദൈവം ഒരു വചനം യെശയ്യാവിന് കൊടുത്തു. അദ്ദേഹം അത് ജനത്തിന് കൊടുത്തു. നാം അതിനെ ധ്യാനിക്കേണ്ടതാണ്. യെശ.59:1-15 വാക്യങ്ങൾ വായിക്കുക. അവർ അത് വായിച്ചു. അവർ ദൈവത്തിങ്കലേയ്ക്ക് തിരിഞ്ഞു. നമുക്കും അത് അനുഗ്രഹമാകണം.

നശിച്ചുകൊണ്ടിരിക്കുന്ന ജനത്തിനുവേണ്ടി പക്ഷവാദം ചെയ്യുവാൻ ആരും ഇല്ല എന്ന് കണ്ടിട്ട് ദൈവം ആശ്ചര്യപ്പെട്ടു. (യെശ. 59:16). ആധികാരികമായ മദ്ധ്യസ്ഥതയും ദൈവജനത്തിന്റെ ശക്തമായ പ്രാർത്ഥനയും ദൈവത്തെ ദൈവജനത്തിങ്കലേയ്ക്ക് തിരിച്ച് ദൈവത്തിന്റെ വിശുദ്ധി ആവശ്യപ്പെടുന്ന ന്യായവിധിയെ മാറ്റിക്കളകയും ചെയ്യുന്നു!

ദൈവജനത്തിന്റെ ഇടയിലോ ദേശത്തോ പാപം സ്വാധീനിക്കുമ്പോൾ, ദൈവത്തിന്റെ വിശുദ്ധി ആവശ്യപ്പെടുന്ന ന്യായവിധിയെ യേശുവിന്റെ നാമത്തിലുള്ള മദ്ധ്യസ്ഥപ്രാർത്ഥനയാൽ മാത്രമേ അതിജീവിക്കു

(ശേഷം 7-ാം പേജിൽ)

(4-ാം പേജിന്റെ തുടർച്ച)

സത്യത്തിന്റെ വചനം

(സങ്കീ. 119:30). അനേകർ തങ്ങളുടെ ബുദ്ധിയിൽ ഊന്നിയിരിക്കുന്നു, പഠിക്കാത്തവരും ആടുന്നവരും നിരാശയിലുമാണ്. എന്നാൽ അധികം താമസംവിനാ ഒരുവൻ ദൈവവചനത്തിന്റെ സത്യത്തിലേക്ക് ആനയിക്കപ്പെട്ടിട്ട്, കേട്ടും, വായിച്ചും സത്യത്തെ തൊട്ടറിഞ്ഞ്, അത് നല്ലത് എന്ന് രുചിച്ചറിഞ്ഞ് അതിനെ കൈക്കൊള്ളും.

യഥാർത്ഥത്തിൽ ഞാൻ സത്യത്തിന്റെ വഴി തെരഞ്ഞെടുത്തിരിക്കുന്നു എങ്കിലും ഞാൻ പറയേണ്ടതുണ്ട്, ഭോഷ്ക്കിന്റെ വഴി എന്നോട് അകറ്റേണമേ, നിന്റെ ന്യായപ്രമാണം എനിക്ക് കൃപയോടെ നൽകേണമേ" (സങ്കീ. 119:29). ജഡം അഥവാ അസത്യം എപ്പോഴും കമിഴ്ന്ന് കിടക്കുന്നു. എന്നാൽ എന്റെ പ്രാർത്ഥന എപ്പോഴും ഇങ്ങനെയായിരിക്കട്ടെ", നിന്റെ സത്യത്തിൽ "എന്നെ നടത്തി എന്നെ പഠിപ്പിക്കേണമേ" (സങ്കീ. 25:5).

ഏറ്റവും മെച്ചമായത് നാം സത്യത്തിൽ നടക്കുന്നതാണ്, നമുക്ക് പിതാവിങ്കൽ നിന്ന് കല്പന ലഭിച്ചതുപോലെ അവിടത്തെ മക്കളിൽ ചിലർ സത്യത്തിൽ നടക്കുന്നതു കണ്ട് ഞാൻ അത്യന്തം സന്തോഷിച്ചു (2യോഹ. 4). ദൈവം അതിൽ വളരെ മഹത്വപ്പെടുന്നു. ദൈവവചനം അതിനാൽ നൽകപ്പെട്ടിരിക്കുന്നു. നമ്മുടെ കാലിനു ദീപവും പാതയ്ക്കു പ്രകാശവും ആയിരിക്കുവാൻ നമ്മുടെ സ്വഭാവത്തെയും വഴികളെയും നിയന്ത്രിക്കുവാൻ നമ്മുടെ അനുദിന ജീവിതം ദൈവവചനത്താൽ പരിപോഷിപ്പിക്കപ്പെട്ടിട്ട് നമ്മുടെ ജീവിതയാഥാർത്ഥ്യങ്ങളെയും സ്വഭാവത്തെയും തെളിയിക്കുന്നു. നാം എത്രമാത്രം ദൈവചനത്തോട് അടുത്തിരിക്കുന്നു, അതിൽ ജീവിക്കുന്നു എന്നും അതിൽ എത്ര മാത്രം നാം സന്തോഷിക്കുന്നു എന്നും നമ്മെത്തന്നെ പരിശോധിച്ച് ഉറപ്പുവരുത്തണം. യേശു അവനോട് എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പ്രമാണിക്കും; എന്റെ പിതാവ് അവനെ സ്നേഹിക്കും; ഞങ്ങൾ "അവന്റെ വിശ്വസ്തത നിനക്ക് പരിചയും പലകയും ആകുന്നു " (സങ്കീ. 91:4). നമ്മുടെ പ്രതിരോധവും നമ്മുടെ സംരക്ഷണവും, സർവ്വായുധധാരിയായി ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിച്ചുകൊണ്ട് ഒരു വിശ്വാസി യുദ്ധദിവസത്തിലും സുരക്ഷിതനാണ്. നാം സത്യത്തിൽ നടക്കുന്നതിനാൽ നമ്മുടെ മനസ്സിന് വിശ്രാമം ലഭിക്കും (യിരെ. 6:16)1 ❖

(2-ാം പേജിന്റെ തുടർച്ച)

ഹെറോൾഡ് വയൽ ക്കൽ : കൊറിയയിലെ മുള്ളുകൾക്ക് പുറകിൽ

പിതാവിന്റെ ശുശ്രൂഷയിലുള്ള ഉദാഹരണങ്ങളും തമാശ കലർന്ന കഥകളും പഠിപ്പിക്കലുകളും ജനത്തെ സ്വാധീനിക്കുന്നതു കണ്ട് ഞാൻ അത്ഭുതപ്പെട്ടുപോയി.

യുദ്ധത്തടവുകാരായി പിടിക്കപ്പെട്ട ആളുകളെ 15000 പേർവീതം ക്യാമ്പുകളിൽ താമസിപ്പിച്ചിരിക്കുന്നു എന്നു മനസിലാക്കിയ എന്റെ പിതാവ് സുവിശേഷം അറിയിപ്പാനുള്ള ഏറ്റവും പറ്റിയ അവസരമായി അതിനെ കരുതി. ഒരു സ്ഥലം മാറ്റത്തിന് അപേക്ഷിച്ചു. താൻ വിളിക്കപ്പെട്ടിരിക്കുന്ന ദൗത്യം അവരുടെയിടയിൽ ചെയ്യുവാനാഗ്രഹിച്ചു. ഭയത്തിലും പട്ടിണിയിലും കഴിഞ്ഞിരുന്ന ജനത്തിന്റെ ഇടയിലേക്ക് അദ്ദേഹം പോയി. ഒരു അമേരിക്കക്കാരൻ പട്ടാളവേഷത്തിൽ കൊറിയൻ ഭാഷയിൽ സുവിശേഷം പ്രസംഗിക്കുന്നത് ആളുകൾക്ക് കൗതുകമായിരുന്നു. 20 വർഷക്കാലം ഗ്രാമങ്ങളിലുള്ള പ്രസംഗങ്ങളും പ്രവർത്തനങ്ങളും ബൈബിൾ സ്കൂളുകളിലുമുള്ള പ്രവർത്തനങ്ങളും തന്നെ അതിനായി ഒരുക്കിയിരുന്നു.

ആദ്യം അവരെ തന്റെ ചോദ്യങ്ങളിലും ശുശ്രൂഷകളിലും കൗതുകമുള്ളവരായിത്തീർന്നു. എന്നാൽ പെട്ടെന്ന് ഞാനൊരു സുവിശേഷകനാണെന്ന് മനസിലാക്കിയിട്ട്, അവർ താക്കീതു ചെയ്യപ്പെട്ടു. കിട്ടുന്ന അല്പസമയം അവർ സന്തോഷിക്കയും എന്നോടു ചേർന്നു പാട്ടുപാടുകയും വാക്യങ്ങൾ പഠിക്കയും ചെറിയ ദൂതുകൾ ഞാൻ അവർക്ക് കൊടുക്കയും പ്രാർത്ഥിക്കയും ചെയ്തിരുന്നു ..... വയേൽക്കൽ

ധാരാളം യോഗങ്ങൾ നടന്നു. വളരെ പെട്ടെന്ന് പതിനായിരത്തോളം പേർകൂടി വന്നു. ആ കാലത്ത് ഉച്ചഭാഷിണികളൊന്നും ഉണ്ടായിരുന്നില്ല. വലിയ പേപ്പറുകളിൽ പാട്ടുകളെഴുതി ജനത്തിനു കൊടുത്തു. അവർ പാടി ദൈവത്തെ ആരാധിച്ചു. അക്കാലത്തെ ഏറ്റവും ഇഷ്ടകരമായ ഒരു പാട്ട് ഇങ്ങനെയാണ്.

“പാപത്തെ വിട്ട് ഓടിവരുവിൻ

അവിടെ കർത്താവിൽ കരുണയുണ്ട്

അവിടുന്ന് നിശ്ചയമായും വിശ്രമം തരും

തന്റെ വചനത്തിൽ ആശ്രയിക്കുന്നതിനാൽ

അവനിൽ മാത്രം ആശ്രയിക്ക അവനിൽ മാത്രം ആശ്രയിക്ക ഇപ്പോൾ അവനിൽ മാത്രം ആശ്രയിക്ക

അവൻ നിങ്ങളെ രക്ഷിക്കും, അവൻ നിങ്ങളെ രക്ഷിക്കും

ഇപ്പോൾ അവൻ നിങ്ങളെ രക്ഷിക്കും ”.

ഈ വാക്കുകൾ എപ്പോഴും വിലപ്പെട്ടതാണ്. എന്നാൽ ഈ ആളുകൾ എപ്പോഴും ഭീകരമായ, ഭീഷണികൾ നിറഞ്ഞ അനുഭവങ്ങളാണ് നേരിട്ടുകൊണ്ടിരുന്നത്, ചുറ്റിലും മുൾമുനകൾ, സ്നേഹിക്കുന്നവരിൽ നിന്നും കുടുംബങ്ങളിൽ നിന്നും വേദനിപ്പിക്കുന്ന അനുഭവങ്ങൾ നേരിട്ടുകൊണ്ടിരുന്നു, ഭാവി എന്താകും എന്ന ആശങ്കയിലായി.

എന്റെ പിതാവ് ക്രിസ്തുവിങ്കലേയ്ക്ക് ആളുകളെ ക്ഷണിച്ചുകൊണ്ടിരുന്നു, കൂടുതൽ ആളുകൾ അനുകൂലമായി പ്രതികരിച്ചു. പിതാനിനെ അത്ഭുതപ്പെടുത്തിയ ഒരു കാര്യം, അവരിൽ ചിലർ നേരത്തെത്തന്നെ ക്രിസ്ത്യാനികളായിരുന്നു എന്നാണ്. വടക്കൻ കൊറിയയിലെ പട്ടാളത്തിൽ ചേരുവാൻ അവർ നിർബ്ബന്ധിക്കപ്പെട്ടിരുന്നു. മറ്റു കുറെ നിഷ്കളങ്കരായ ആളുകൾ യുദ്ധതടവുകാരാക്കപ്പെട്ടു. ചില സഭാപ്രവർത്തകരും ആ കൂട്ടത്തിലുണ്ടായിരുന്നു. 9 മൂപ്പന്മാർ. 18 സുവിശേഷകന്മാർ, 35 വേദവിദ്യാർത്ഥികൾ, ഒരു പാസ്റ്റർപോലും ആ കൂട്ടത്തിലുണ്ടായിരുന്നു.

ഈ നേതാക്കന്മാരും, ചില ദൈവദാസന്മാരും എന്റെ പിതാവിന് സഹായികളായി. പുതിയ വിശ്വാസികൾക്കു വേണ്ടിയുള്ള പ്രത്യേക ബൈബിൾ ക്ലാസ്സുകളും നടന്നു. പുതിയവിശ്വാസികളെ സ്നാനത്തിനായി ഒരുക്കി. പഠിച്ചവചനങ്ങളെ സംബന്ധിച്ചു എത്ര മാത്രം ഗ്രഹിച്ചു എന്നറിയുവാൻ പരീക്ഷകളും നടത്തി. മൂന്നു വർഷത്തിനകം 15000 ആളുകൾ ക്രിസ്തുവിനെ കണ്ടെത്തിയെന്ന് എന്റെ പിതാവ് കണക്കുകൂട്ടി വിശ്വാസികൾ വിശ്വാസത്തിൽ വളരുവാനായി, അമേരിക്കൻ ബൈബിൾ സൊസൈറ്റി, വേദഭാഗങ്ങളും പുതിയനിയമങ്ങളും കൊറിയൻ ഭാഷയിലുള്ള മുഴു ബൈബിളുമൊക്കെ അയച്ചു തരുവാൻ ധാരണയായി. ആ സമയത്ത് 15 ബൈബിൾ പഠനകേന്ദ്രങ്ങൾ യുദ്ധത്തടവുകാരുടെയിടയിൽ സ്ഥാപിതമായി. ആയിരങ്ങൾ ദൈവവചനം പഠിക്കുവാനിടയായി. ദൈവവചന പഠന ലക്ഷ്യത്തോടുകൂടെ, ഇംഗ്ലീഷ് ഭാഷ, സംഗീതം ക്രിസ്തുവിന്റെ ജീവചരിത്രം പർവ്വത പ്രസംഗം സഭാചരിത്രം തുടങ്ങിയവ പഠിപ്പിക്കുവാനിടയായി. ഒരു കൂടാത്തിലെ എല്ലാവരും വിശ്വാസികളാകുമ്പോൾ, മുകളിൽ ഒരു കുരിശുനാട്ടി, അവർ തന്നെ സ്വമേധയാ അവർ വസിക്കുന്ന കൂടാരത്തെ ഒരു ക്ലാസ് മുറിയാക്കിമാറ്റി. വചനപഠനവും, മനപാഠവാക്യവും പ്രോത്സാഹിപ്പിക്കാൻ നിർണ്ണയിക്കപ്പെട്ടസമയത്ത് കൂടുതൽ വാക്യം പറയുന്നവർക്കു സമ്മാനം കൊടുക്കുന്ന മത്സരം ഏർപ്പെടുത്തി. ആ ദിവസം വന്നപ്പോൾ സമ്മാനങ്ങൾ കൊടുക്കുവാനായി ക്യാമ്പു കമാൻഡറെ ക്ഷണിച്ചു. എന്നാൽ അദ്ദേഹത്തിന് അത് സംബന്ധിച്ച് ഒരുക്കമുണ്ടിയിരുന്നില്ല. ആളുകൾ അദ്ധ്യായങ്ങളിലുടെ വാക്യങ്ങൾ മുഴുവനും പറയാൻ തുടങ്ങി. യൂജ്ജൻ ബൊഗി പറഞ്ഞു: ഞാൻ മത്തായി സുവിശേഷം മുഴുവൻ മനപാഠമാക്കിയിരിക്കുന്നു. തുടർന്ന് അഞ്ചുപേർ പറഞ്ഞു: ഞങ്ങൾ വെളിപ്പാടു പുസ്കരം മുഴുവൻ മനപാഠമാക്കിയിരിക്കുന്നു.

ദിവസംതോറുമുള്ള പ്രാർത്ഥനായോഗങ്ങൾ കൊറിയൻ സഭയുടെ ആരംഭമായിമാറി. ക്രിസ്തീയ തടവുകാർ ആ രീതി തുടർന്നു.

1951 നവംബറിൽ ദ ക്രിസ്റ്റ്യൻ സെൻച്ചൊറി എന്ന മാസികയുടെ പത്രാധിപരിൽ ഒരാളായ ഹെറോൾഡ് ഫേ കൊജേദീപിലുള്ള ഒരു പ്രാർത്ഥനാ യോഗത്തിൽ സംബന്ധിക്കുവാനിടയായി. ആ സമയം ആ ദീപിൽ വെളിച്ചമുണ്ടായിരുന്നില്ല. 4600 തടവുകാർ പാടി സന്തോഷിക്കുന്നത് അദ്ദേഹം കണ്ടു. ഇങ്ങനെ കാണാൻ കഴിയും എന്ന് ഒരിക്കൽ പോലും ഞാൻ പ്രതീക്ഷിച്ചു എന്ന അദ്ദേഹം റിപ്പോർട്ട് ചെയ്തു.

1951-ലെ മദ്ധ്യവേനനിൻപൻ മുൻജം എന്ന സ്ഥലത്ത് വടക്കൻ കൊറിയയും അമേരിക്കക്കാരും തമ്മിൽ സമാധാന സംഭാഷണം ആരംഭിച്ചു. എന്നാൽ ഈ സമയം വടക്കൻ കൊറിയക്കാർ ഒരു യുദ്ധം ആരംഭിച്ചു. 16 യുദ്ധത്തടവുകാർ കൊല്ലപ്പെട്ടു. 6 ക്രിസ്ത്യാനികൾ കൊല്ലപ്പെട്ടു, അവരിൽ രണ്ടുപേർ സഭയിലെ

(ശേഷം 7-ാംപേജിൽ)

(6-ാംപേജിന്റെ തുടർച്ച)

ഹെറോൾഡ് വയൽ ക്കൽ : കൊറിയയിലെ മുള്ളുകൾക്ക് പുറകിൽ

ഡ്വീക്കൻമാരായിരുന്നു. പ്രശ്നങ്ങൾ തീരുന്നതുവരെ പ്രശ്നക്കാരെ ഒരു പ്രത്യേക സ്ഥലത്ത് പാർപ്പിക്കുകയും ഒരു ആർമി ജനറലിനെ തടവകാരനാക്കുകയും ചെയ്തു.

വടക്കൻ കൊറിയയ്ക്ക് ചുട്ട മറുപടി കൊടുക്കുവാൻ തീരുമാനിച്ചിരിക്കുന്നു എന്ന് വിശ്വാസികൾ കേട്ടപ്പോൾ, അവർ സ്വന്തരക്തംകൊണ്ട് ചില പരാതികൾ എഴുതി, കമ്മ്യൂണിസ്റ്റ് ഭരണത്തിൽ മടങ്ങിപ്പോകുന്നതിനേക്കാൾ മരിക്കുന്നതാണ് നല്ലതെന്നറിയിച്ചു. കഠിനമായ ഒരു പ്രഖ്യാപനം നടത്തി. എന്നാൽ അമേരിക്കൻ സേന പറഞ്ഞു തിരിച്ചുപോകണമോ സൗത്തു കൊറിയയിൽ തങ്ങണമോ എന്ന് അവരവർക്ക് തീരുമാനിക്കാം എന്ന് പറഞ്ഞു. 60000-ൽ അധികം പേർ തെക്കൻ കൊറിയയിൽ തങ്ങി. അനേകർ മടങ്ങിപ്പോയതിനാൽ നഷ്ടമായി എന്ന് പിതാവുകണ്ടു. എന്നാൽ തെക്കൻ കൊറിയയിൽ തങ്ങിയവർ, യുദ്ധത്തിൽ വന്ന തകർച്ചകളിൽ നിന്നും രാജ്യത്തെ പണിതെടുക്കുവാൻ തെക്കൻ കൊറിയയിക്കു വേണ്ടി എഴുന്നേറ്റു. ക്രിസ്തീയ കൂട്ടായ്മകൾ സംഘടിപ്പിക്കുന്നതിൽ അവർ പങ്കുകാരായി, ചിലർ പുതിയ സഭകൾ സ്ഥാപിച്ചു.

എന്റെ പിതാവ് വിരമിച്ചപ്പോൾ തന്റെ ഭിത്തിയിൽ ഒരു വിലയേറിയ രേഖ പതിച്ചു. അതിൽ 131 പേരുടെ ഫോട്ടോകൾ ഉണ്ടായിരുന്നു. വേദപാഠശാലകളിൽ പഴിച്ച് ഗ്രാജുവേറ്റ് ചെയ്ത തൊപ്പിയും ഗൗണും അണിഞ്ഞ അവരെല്ലാം പഴയ യുദ്ധതടവുകാരായിരുന്നു. അവരിൽ പലരും മിഷ്യനറിമാരായിത്തീർന്നു. ഒരു ചെറിയ കൂട്ടം ബ്രസീലിലേയ്ക്ക് പോയി.

നാല്പതു വർഷങ്ങൾക്കു ശേഷം, സീയോളയെ ഒരു മനോഹരമായ ഹോട്ടലിൽ ഒരു വിരുന്നു സൽക്കാരത്തിൽ പങ്കു കൂടുവാൻ എനിക്ക് ഭാഗ്യം കിട്ടി, അതിഥികളായെത്തിയവർ പലരും അന്നത്തെ യുദ്ധത്തടവുകാരായിരുന്നു. അവരിൽ പലരും മിഷ്യനറിമാരായിത്തീർന്നു. ഒരു ചെറിയ കൂട്ടം ബ്രസീലിലേയ്ക്ക് പോയി.

നാല്പതു വർഷങ്ങൾക്കു ശേഷം, സീയോളിയെ ഒരു മനോഹരമായ ഹോട്ടലിൽ ഒരു വിരുന്നു സൽക്കാരത്തിൽ പങ്കു കൂടുവാൻ എനിക്കു ഭാഗ്യം കിട്ടി, അതിഥികളായെത്തിയവർ പലരും അന്നത്തെ യുദ്ധത്തടവുകാരായിരുന്നു. അവർ തങ്ങളുടെ അസാധാരണമായ അനുഭവങ്ങളെ വിശദീകരിച്ചു, തടവുകാരായിരുന്ന കാലത്ത് എന്റെ പിതാവിൽ നിന്നും കിട്ടിയ നല്ല കാര്യങ്ങൾക്ക് അവർ നന്ദി രേഖപ്പെടുത്തി. അന്നത്തെ ഒരു വലിയ കോടീശ്വരനായിരിക്കുന്നു. അദ്ദേഹം തന്റെ പണത്തിൽ നിന്നും ഒരു പള്ളി പണിയുവാനിടയായി, പെൺകുട്ടികൾ പഠിക്കുന്ന ഒരു ഹൈസ്കൂളും അദ്ദേഹത്തിനുണ്ട്. മറ്റൊരാൾ 2500 വിദ്യാർത്ഥികൾ പഠിക്കുന്ന ഒരു തിയോളജിക്കൽ സെമിനാരിയുടെ പ്രസിന്റാണ്. മൂന്നാമത്തെയാൾ 7000 ആളുകൾ സംബന്ധിക്കുന്ന ഒരു സഭയുടെ പാസ്റ്ററാണ്. ഇന്ന് ആ സംഭവങ്ങളെ ഓർക്കുമ്പോൾ, ആ ഭീകരമായ യുദ്ധത്തിന്റെ കാലത്ത് ദൈവം നടത്തിയ വിധങ്ങളെ സന്തോഷത്തിന്റെ നിറകണ്ണുകളോടുകൂടെ മാത്രമേ ഓർക്കുവാൻ കഴിയൂ. അത്ര മാത്രം വൻ കാര്യങ്ങളെ ദൈവം ചെയ്തിരിക്കുന്നു.

എന്റെ പിതാവ്, തന്റെ അനുഭവങ്ങളെ ഓർത്ത് ഇങ്ങനെ എഴുതി: യുദ്ധത്തടവുകാരുടെയിടയിലുള്ള എന്റെ ശുശ്രൂഷാ ജീവിതം വളരെ സന്തോഷവും അപ്പോൾ തന്നെ ഞാൻ വിശ്വസിക്കുന്നു. എന്റെ ജീവിതത്തിലെ ഏറ്റവും ഫലവത്തായ ശുശ്രൂഷയുമായിരുന്നു. 150000 ആളുകളുടെയിടയിലുള്ള പ്രവർത്തനം, ദൈവകൃപയാൽ, അനേകം സഭകൾ ബൈബിൾ കോൺഫറൻസുകൾ, വേദപുസ്തക പാഠശാലകൾ..... ദൈവം നടത്തി. സംരക്ഷിച്ചു, വളർത്തി ജീവിതത്തിലുടനീളം കൂടെയിരുന്നു. അവിടുത്തെ അത്ഭുതത്തിന്റെ കരം കൂടെയിരുന്നു, തന്റെ ശക്തിയെ വെളിപ്പെടുത്തി, തന്റെ മഹത്വം രുചിച്ചറിഞ്ഞു. ദൈവം രക്ഷിക്കുന്നു, പഠിപ്പിക്കുന്നു, പരിശീലിപ്പിക്കുന്നു, ശക്തീകരിക്കുന്നു, മൂർച്ചയേറിയ മുള്ളുകളുടെ മുമ്പിലും പതറാതെ നിലനിർത്തന്നു, ശക്തന്മാരാക്കിത്തീർക്കുന്നു. (വയേൽക്കൽ) ❖

(1-ാംപേജിന്റെ തുടർച്ച)

ഉണർവ്വിനുവേണ്ടിയുള്ള ഒരു ആത്മഭാരം

മാർട്ടിൻ ലോയ്ഡ് ജോൺസ് എന്ന ദൈവഭക്തൻ തന്റെ ഉണർവ്വ് എന്ന പുസ്തകത്തിൽ പ്രാർത്ഥനയിലുള്ള ഒരുക്കത്തിന്റെ വേലയെക്കുറിച്ച് പറയുന്നു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ നാം പ്രകൃത്യാതീതമായ ദൈവീക ജ്ഞാനത്തെ സംബന്ധിച്ച് കാര്യങ്ങൾ ചെയ്യുന്നു. എന്നാൽ നമ്മെ കാണുന്നവർക്ക് നമ്മിൽ നിന്നും ഒന്നും ലഭിക്കുന്നില്ല. അദ്ദേഹം വീണ്ടും പറയുന്നത്, ഉണർവ്വിനുവേണ്ടി പ്രാരംഭമായും തുടർച്ചയായും, അത്യാവശ്യമായും വേണ്ടത്, ദൈവത്തിനുവേണ്ടിയുള്ള ഒരു ദാഹം, ഒരു ദാഹം, ജീവിക്കുന്ന ദൈവത്തെ അറിയുവാനുള്ള ഒരു ജീവിക്കുന്ന ദാഹമാണ് വേണ്ടത്. ദൈവപ്രവൃത്തി വെളിപ്പെടുന്നതുവരെയും ഉള്ള ആർത്തിയോടെയുള്ള കാത്തിരിപ്പ് ദൈവം താൻ ശക്തിയോടെ വെളിപ്പെടുകയും ശത്രുക്കൾ ചിതറിപ്പോകയും ചെയ്യുന്ന അനുഭവം. ദൈവത്തിനുവേണ്ടിയുള്ള ദാഹവും ദൈവമഹത്വം വെളിപ്പെടുവാനുള്ള കാത്തിരിപ്പും ഉണർവ്വിനുവേണ്ടിയുള്ള അടിസ്ഥാനഘടകങ്ങളാണ്.

ഉണർവ്വിനുവേണ്ടിയുള്ള പ്രാർത്ഥനകൾ അങ്ങനെയുള്ള പ്രാർത്ഥനകളായിത്തീരട്ടെ, നമ്മുടെ ജീവിതത്തിൽ മാത്രമല്ല, നമ്മുടെ ചുറ്റുപാടുകളിലും അങ്ങനെ കാണപ്പെടട്ടെ. ❖

(5-ാംപേജിന്റെ തുടർച്ച)

മദ്ധ്യസ്ഥ പ്രാർത്ഥന ന്യായവധിയെ ഒഴിവാക്കുന്നു

വാൻ കഴിയുകയുള്ളൂ. നാം ദേശത്തിനുവേണ്ടി ഇടിവിൽ നില്ക്കുമ്പോൾ, യേശുവിന്റെ ഇന്നത്തെ ശുശ്രൂഷയായ പ്രാർത്ഥനയിൽ യേശുവിനോടു ചേർന്നു നില്ക്കുമ്പോൾ, ദൈവം പലപ്പോഴും കരുണകാണിക്കുന്നു. യെഹസ്കേലിന്റെ നാളുകളിലും ദൈവത്തിന്റെ ന്യായവിധിയുടെയും ഇതേ തത്വമാണ് കാണാൻ കഴിയുന്നത്. പ്രാർത്ഥനയോടുകൂടെ യെഹെസ്കേൽ 22: 23-31 വാക്യങ്ങൾ വായിക്കുക. മോശയും പലപ്പോഴും തന്റെ ജനത്തിന്റെ വിടുതലിനുവേണ്ടി ചെയ്തത്, അവർക്കു വേണ്ടിയുള്ള മദ്ധ്യസ്ഥ പ്രാർത്ഥനയിലൂടെയാണെന്ന് കാണാം (സങ്കീ. 106:23).

“ അതുകൊണ്ട് കരുണ ലഭിക്കുവാനും തത്സമയത്ത് സഹായത്തിനുള്ള കൃപ പ്രാപിപ്പാനുമായി നാം ധൈര്യത്തോടെ കൃപാസനത്തിന് അടുത്ത് ചെല്ലുക” (എബ്രാ.4:16). നമുക്ക് പ്രാർത്ഥിക്കാം. നമ്മുടെ കർത്താവ് കൃപയുള്ളവനായി കാത്തിരിക്കുന്നു. ❖

(കഴിഞ്ഞ ലക്കം തുടർച്ച)

കഷ്ടതയെ എങ്ങനെ നേരിടാം

എത്ര ധാരാളമായിട്ടാണ് അത് തന്റെ മക്കൾക്ക് അവിടുന്ന് കൊടുക്കുന്നത്. അത് നമ്മുടെ ഹൃദയത്തിന്റെ മുറിവുകളെ കെട്ടുന്നു, നമ്മുടെ കുറവുകളെ പരിഹരിക്കുന്നു. എത്ര ആഴമായ സ്നേഹം! ഇത് നിങ്ങൾക്കുള്ളതാണ്. അതെ, അതിനെ സ്വീകരിക്കൂ നിർബന്ധിക്കൂ. ഏറ്റവും അടുത്തു ചെല്ലൂ. അവിടുത്തെ കൂടുതൽ സ്നേഹിക്കൂ. ആ സ്നേഹത്തിലും, ദയയിലും, കരുണയിലും മനസലിവിലും, സമാധാനത്തിലും ആശ്വാസത്തിലും നിങ്ങൾ വേഗത്തിൽ ബോധവാന്മാരാകുകയും നിങ്ങൾ ചിന്തിക്കുന്നതിനെക്കാൾ സംതൃപ്തിയുള്ളവരായിത്തീരുകയും ചെയ്യും. ആ സ്നേഹം നിങ്ങളുടെ തകർന്ന ഹൃദയത്തെ സൗഖ്യമാക്കും. നിങ്ങളുടെ മുറിവുകളെ കെട്ടും. ദൈവം അറിയുന്നു.

ദൈവം നിങ്ങളുടെ ഹൃദയത്തിന്റ വേദന അറിയുന്നു.
അവിടുന്ന് നിങ്ങളുടെ കയ്പേറിയ വേദന അറിയുന്നു;
അതെ കൂരിരുട്ടിൽ അവനിൽ ആശ്രയിക്ക,
നിങ്ങളുടെ ആശ്രയം വ്യർത്ഥമാകയില്ല.
നിങ്ങളുടെ ജീവിതത്തെ അവിടുന്ന് അറിയുന്നു,
നിങ്ങളുടെ ആഴമായ ദു:ഖം അവിടുന്ന് പങ്കു വയ്ക്കുന്നു;
അവിടുന്ന് നിങ്ങളുടെ ഭാരങ്ങൾ ചുമക്കട്ടെ,
അവിടുന്ന് അറിയുന്നു സംരക്ഷിക്കുന്നു.

അതുകൊണ്ടു നാം യേശുവിനോടുകൂടെ അത്താഴം കഴിപ്പാൻ പഠിക്കണം. അവിടുത്തെ കൂട്ടായ്മയിലേക്ക് പ്രവേശിക്കണം. അവിടുന്ന് നിങ്ങളുടെ സ്നേഹിതനും കൂട്ടുകാരനും ആകണം. അവിടുത്തോടു കൂടെ നടക്കണം, അവിടുത്തോട് സംസാരിക്കണം. നിങ്ങളെക്കുറിച്ച് അവിടുത്തോട് പറയണം. നിങ്ങളുടെ ആത്മാവ് ഭാരമില്ലാത്തതായിരിക്കണം. നിങ്ങളുടെ ഹൃദയത്തിന്റെ ആഴങ്ങളിലേക്ക് അവിടുന്ന് വരട്ടെ. നിങ്ങൾക്ക് അവിടുത്തെ ആശ്രയിപ്പാൻ കഴിയും. അവിടുന്നു ഉടനെ നിങ്ങളോട് മന്ത്രിക്കും. അനങ്ങാതിരിക്ക, അടങ്ങുക. അങ്ങനെ അവിടെ വലിയ ശാന്തതയുണ്ടായി (മർക്കൊ. 4:39).

എത്ര നല്ല സ്നേഹിതനാണ് നമുക്കുള്ളത്!

അവിടുന്ന് നമ്മുടെ പാപ ഭാരം വഹിക്കും!

എത്ര പദവിയാണ് നമുക്കുള്ളത്!

എല്ലാം പ്രാർത്ഥനയിൽ കർത്താവിനോട് പറയാം.

ഞാനും വളരെ കഷ്ടപ്പെട്ടു. എന്റെ കഷ്ടതയിൽ ദൈവത്തിങ്കലേയ്ക്ക് നോക്കി. എല്ലാം ഞാൻ ദൈവത്തോട് പറഞ്ഞു. ദൈവത്തോട് കരഞ്ഞു. ഇരുട്ടിൽ ഞാൻ ദൈവത്തെ അന്വേഷിച്ചു. അവിടുത്തെ ഇഷ്ടത്തിന് ഞാൻ എന്നെ സമർപ്പിച്ചു. ഞാൻ പരാജയപ്പെടുവാൻ അവിടുന്ന് എന്നെ അനുവദിച്ചില്ല. “സന്ധ്യയിങ്കൽ കരച്ചിൽ വന്നു രാപാർക്കും, ഉഷസിലോ ആനന്ദ ഘോഷം വരുന്നു” (സങ്കീ.30:5). ഇത് എന്നോടുള്ള ദൈവത്തിന്റെ വാഗ്ദത്തമാണ്. ഇപ്പോൾ ഒരു ദിവസം, അങ്ങകലെ സൂര്യൻ അസ്തമിക്കുന്നതുപോലെ അവിടുത്തെ ശബ്ദം ഞാൻ കേട്ടു, അതെ, ആ സമാധാനം, സന്തോഷം! അത് കൊടുങ്കാറ്റിനുശേഷമുള്ള ശാന്തതപോലെ, മഴയ്ക്ക് ശേഷമുള്ള സൂര്യപ്രകാശം പോലെ അവിടുത്തെ പാട്ടുകൾ എന്റെ ഹൃദയത്തെ നിറച്ചു. അവിടുന്ന് എന്നെ കണ്ടു. ആ പ്രത്യേക അവസരം, വളരെ നാളുകൾക്ക് മുമ്പ് ഇപ്പോഴും എനിക്ക് ഓർക്കുവാൻ കഴിയും. ഞാൻ ഇരുന്ന് എഴുതി, മറ്റുള്ളവരുടെയിടയിൽ ഈ വാക്കുകൾ.

ആ ദർശനത്തിൽ എനിക്ക് അടുത്തു വരാമായിരുന്നില്ലേ, എനിക്കുള്ളത് അങ്ങേയ്ക്ക് തരുന്നു. അതു നിങ്ങളെ പഠിപ്പിക്കുന്നു, ഭൂമിയുടെ ചലനങ്ങളെ, ദൈവസ്നേഹത്തിന്റെ കരങ്ങൾ അതിനപ്പുറമല്ലയോ.

ഓരോ ഏകാന്ത ജീവിതവും ജീവിതത്തിന്റെ പ്ലാനിനെ കാത്തിരിക്കുന്നു. വലിയ ദൈവത്താൽ അത് വരയ്ക്കുപ്പെട്ടിരിക്കുന്നു; സന്തോഷവും ദു:ഖവുമായതു ഒത്തുനോക്കി, ദൂരവ്യാപകമായ സന്തോഷം, അത് ദൈവസ്നേഹത്തിന്റെ തെളിവത്രേ. ഇപ്പോഴും ദു:ഖം സംസാരിക്കുന്നു, ഉന്നതമായ വാക്കുകളിലൂടെ ഹൃദയത്തെ പഠിപ്പിക്കുന്ന പാഠങ്ങളായി വിത്ത് സൂര്യപ്രകാശവും മഴയും ആവശ്യപ്പെടുന്നതുപോലെ ഓരോന്നിന്റെയും ഭാഗമായി ദൈവം മനുഷ്യനെ നിയമിക്കുന്നു. ഇരുളും വെളിച്ചവും എന്റെ ധാരണകൾക്കപ്പുറമാണ്. മുട്ടുമടക്കി ദൈവത്തിന്റെ ഇഷ്ടത്തിന് ഞാൻ സമർപ്പിക്കുന്നതുവരെ; ഇപ്പോൾ എല്ലാം പ്രകാശിക്കുന്നു, വെളിച്ചമായി; ആ അത്ഭുത സ്നേഹമേ, അതിപ്പോഴും എന്റെ അറിവുകൾക്കതീതമാണ്.

നോക്കൂ, എന്റെ ഹൃദയത്തൽ നിന്നും ഞാൻ അത് പറഞ്ഞു. എന്റെ ഇഷ്ടമല്ല, അവിടുത്തെ ഇഷ്ടം തന്നെ നടക്കട്ടെ. ആ സമാധാനം വന്നു. അതെ, സാദ്ധ്യമല്ല, അതു പറയുക എളുപ്പമല്ല, എന്നാൽ പറയണം, സന്തോഷത്തോടെ പറയണം, അത് എപ്പോഴും ഓർക്കുന്നു. ഒരു മനോഹരമായ അനുഭവമായിരിക്കും. എന്റെ ഇഷ്ടമല്ല, അവിടുത്തെ ഇഷ്ടം നടക്കട്ടെ.

❖

(3-ാംപേജിന്റെ തുടർച്ച)

എല്ലായിടത്തും പ്രാർത്ഥനയ്ക്കായി വിശുദ്ധന്മാരെ ഒരുക്കുക

ണ്. ധാരാളം പ്രാസംഗികരും എഴുത്തുകാരും ഉണർവ്വിനെക്കുറിച്ചു വാചാലമായി സംസാരിക്കാറുണ്ട്, എന്നാൽ എത്ര പേരാണ് പ്രതിസന്ധിഘട്ടങ്ങളിൽ പ്രാർത്ഥനയ്ക്കായി എഴുന്നേൽക്കുന്നത്. നമ്മുടെ പ്രധാന പോരാട്ടം പ്രാർത്ഥനയിൽ ആയിരിക്കട്ടെ. പ്രാർത്ഥനയ്ക്കായി ആളുകളെ വിളിക്കണം. സഭ മുട്ടിന്മേൽ നില്ക്കണം. എല്ലാടത്തമുള്ള സകല വിശ്വാസികളും പ്രാർത്ഥിക്കണം.

ദൈവജനത്തിന്റെ ഹൃദയാംഗമായ പ്രാർത്ഥനയിലൂടെ ഉണർവ്വു വരുന്നു. നമ്മുടെ ഏറ്റവും വലിയ ആവശ്യത്തെ പ്രഖ്യാപിക്കണം, നമ്മുടെ പ്രബോധനം അതായിരിക്കണം. എല്ലാടത്തുമുള്ള എല്ലാവരും പ്രാർത്ഥനയ്ക്കായി മട്ടുമടക്കണം.

“എന്റെ വിശുദ്ധ പർവ്വതത്തിൽ അയ്യം വിളിപ്പിൻ.... യഹോവയുടെ ദിവസം വരുന്നു.... ജനത്തെ കൂട്ടി വരുത്തുവിൻ സഭയെ വിശുദ്ധീകരിപ്പിൻ; മൂപ്പന്മാരെ കൂട്ടിവരുത്തുവിൻ..... യഹോവയുടെ ശുശ്രൂഷകൻമാർ കരയട്ടെ. ...സീയോൻ മക്കളേ ഘോഷിച്ചുല്ലസിച്ച് നിങ്ങളുടെ ദൈവമായ യഹോവയിൽ സന്തോഷിപ്പിൻ; അവൻ തക്ക അളവായി നിങ്ങൾക്ക് മുന്മഴ തരുന്നു. അവൻ മുമ്പേ പോലെ നിങ്ങൾക്ക് മുന്മഴയും,പിന്മഴയുമായ വർഷം പെയ്യിച്ചു തരുന്നു. അങ്ങനെ കളപ്പുരകൾ ധാന്യംകൊണ്ട് നിറയും, ചക്കുകൾ എണ്ണയും വീഞ്ഞും കൊണ്ടു കവിയും.... നിങ്ങൾ വേണ്ടുവോളം തിന്ന് തൃപ്തരായി, നിങ്ങളോട് അത്ഭുതകരമായി പ്രവർത്തിച്ചിരിക്കുന്ന നിങ്ങളുടെ ദൈവമായ യഹോവയുടെ നാമത്തെ സ്തുതിക്കും. എന്റെ ജനം ഒരു നാളും ലജ്ജിച്ചു പോകയില്ല” (യോവേ. 12:1-32).

❖

Edited & Published by Mrs. Bindhu.M. Trivandrum- 695032 Printed at Excellent Printers Plavila, Thirumala, T.v.m - 6 Phone: 2351975